Talented Bankers Literary Panel
പുസ്തക പരിചയം 175

പുസ്തകം പരിചയപ്പെടുത്തുന്നത്,
ആദർശ് ജി,
കേരള ഗ്രാമീൺ ബാങ്ക്,
റോഡുവിള ശാഖ.

സത്രം (കഥകൾ)
ടി പത്മനാഭൻ.

കഥകളിലൂടെ എന്നും ഏറെ അതിശയിപ്പിച്ചിട്ടുള്ള എഴുത്തുകാരനാണ് ടി പത്മനാഭൻ. ജീവിതത്തിലെ ഓരോ ചെറിയ കാര്യങ്ങൾ പോലും സൂക്ഷ്മമായി സ്പർശിച്ചു പോകുന്നവയാണ് അദ്ദേഹത്തിന്റെ കഥകൾ.
1948 ലാണ് അദ്ദേഹത്തിന്റെ ആദ്യ
കഥ പ്രസിദ്ധീകരിക്കുന്നത്. ഇന്ത്യൻ ഭാഷകൾക്കു പുറമേ ജർമൻ, ഫ്രഞ്ച്, റഷ്യൻ തുടങ്ങിയ ഒട്ടനവധി ഭാഷകളിൽ അദ്ദേഹത്തിന്റെ കഥകളുടെ പരിഭാഷ വന്നിട്ടുണ്ട്. എഴുത്തച്ഛൻ പുരസ്കാരം, വള്ളത്തോൾ പുരസ്കാരം തുടങ്ങി പ്രമുഖ പുരസ്കാരങ്ങൾ എല്ലാം അദ്ദേഹത്തെ തേടിയെത്തിയിട്ടുണ്ട്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സന്ദർശിച്ചിട്ടുള്ള അദ്ദേഹം പക്ഷേ നോവലും യാത്രാവിവരണങ്ങളും എഴുതിയിട്ടില്ല.

നവതി പിന്നിടുന്ന ടി പത്മനാഭന്റെ ഏറ്റവും പുതിയ കഥകളുടെ സമാഹാരമാണ് 'സത്രം'.

'ബാലേട്ടൻ' എന്ന ആദ്യകഥയിലൂടെ കമ്മ്യൂണിസ്റ്റ് വിശ്വാസങ്ങൾക്ക് അനുസരിച്ച് ജീവിതം നയിച്ച ത്യാഗ സമ്പന്നനായ ഒരു മനുഷ്യന്റെ ജീവിതം വിവരിക്കുന്നു. ഈ കഥ വായിച്ചു പോകുമ്പോൾ ഇത്തരമൊരു രാഷ്ട്രീയക്കാരൻ നമ്മൾക്കിടയിൽ ഉണ്ടാകണമെന്ന് ഓരോ വായനക്കാരനും ചിന്തിച്ചു പോകുന്നു.
രാഷ്ട്രീയ സന്ദർഭങ്ങൾ കടന്നുവരുന്ന 'ആക്രി' എന്ന രണ്ടാമത്തെ കഥയിൽ ആക്ഷേപഹാസ്യത്തിന്റെ ആഖ്യാന ശൈലിയാണ് സ്വീകരിച്ചിരിക്കുന്നത്.
'നവാതിഥി 'എന്ന മൂന്നാമത്തെ കഥ സഹജീവികളോടുള്ള എഴുത്തുകാരന്റെ മനോഭാവത്തിന് സാക്ഷ്യപത്രം ആകുന്നു.

'വായന ' എന്ന നാലാമത്തെ കഥയിൽ പുതിയ കാലഘട്ടത്തിലെ തിരക്കുകൾക്കിടയിൽ വായനയ്ക്ക് സമയം കിട്ടാതെ പോകുന്ന പുതുതലമുറയെ വായനക്കാരുടെ മുന്നിൽ ദൃശ്യമാക്കുന്നു. അതേസമയം തന്നെ അവർ സമൂഹത്തിൽ ചെയ്യുന്ന ഉത്തരവാദിത്വങ്ങളും എഴുത്തുകാരൻ രേഖപ്പെടുത്തുന്നുണ്ട്.

'ബാബു' എന്ന കഥയിലൂടെ തന്റെ ആത്മകഥയുടെ ഒരു ഭാഗം തന്നെയാണ് കഥാകൃത്ത് വായനക്കാരനു മുന്നിൽ അവതരിപ്പിക്കുന്നത്. ഔദ്യോഗിക ജീവിതത്തിലും സ്വകാര്യജീവിതത്തിലും അദ്ദേഹം കാണിച്ച സത്യസന്ധത കഥയിൽ കടന്നു വരുന്നുണ്ട്.
കൊറോണ എന്ന മഹാമാരി മനുഷ്യ ജീവിതത്തിൽ ഉണ്ടാക്കിയ മാറ്റങ്ങൾ 'വിദ്യാരംഭം' എന്ന കഥയിൽ കടന്നുവരുന്നു. പ്രകൃതിയുമായി ഇണങ്ങി ജീവിക്കുന്ന എഴുത്തുകാരന്റെ ജീവിതാനുഭവങ്ങളും സ്വപ്നങ്ങളും സത്രം' എന്ന അവസാന കഥയിൽ കടന്നു വരുന്നു.

ഇങ്ങനെ ആത്മകഥാംശം നിലനിൽക്കുന്ന ഹൃദയസ്പർശിയായ ഏഴു കഥകളാണ് 'സത്രം' എന്ന പുസ്തകത്തിലുള്ളത്. ഓരോ കഥകളുടെയും പിറവിക്ക് പിന്നിലെ അനുഭവങ്ങളും എഴുത്തുകാരൻ ഇവിടെ പങ്കുവെക്കുന്നു . നമ്പൂതിരി,മദനൻ, ദേവ പ്രകാശ് എന്നിവരുടെ ചിത്രങ്ങളും നാരായണൻ കാവുമ്പായിയുടെ അനുബന്ധവും പുസ്തകത്തെ കൂടുതൽ മനോഹരമാക്കിയിരിക്കുന്നു.

Publishers. Mathrubhoomi books
Prize. 150/-